# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 6658

12.07.2012 ൽ മറുപടിയ്ക്ക്

## സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. സി.എഫ്. തോമസ്<br>ശ്രീ. റ്റി.യു. കുരുവിള | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ മേഖലയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) സഹകരണ വിദ്യാഭ്യാസ സഹകരണ സംഘങ്ങളുടെ പ്രവർത്തനം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറി ചെയർമാനായി നിയോഗിച്ച കമ്മിറ്റി റിപ്പോർട്ട് നൽകുകയും, ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.<br>i) കൂടാതെ സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേപ്പിന് കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളുടെ സാങ്കേതിക വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന TEQIP പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കേപ്പിന്റെ കീഴിലുള്ള പെരുമൺ, കിടങ്ങൂർ, വടകര, തലശ്ശേരി, തൃക്കരിപ്പൂർ എഞ്ചിനീയറിംഗ് കോളേജുകൾ സർക്കാർ തലത്തിൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.<br>എഞ്ചിനീയറിംഗ് കോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ലബോറട്ടറികളുടെ നിലവാരം ഉയർത്തുന്നതിനും അദ്ധ്യാപകരുടെ അദ്ധ്യാപന നിലവാരം വർദ്ധിപ്പിക്കുന്നതിനുമുള്ള പരിശീലന പരിപാടികൾ നടപ്പിലാക്കുന്നതിനും ഈ |

പദ്ധതി വഴി സാദ്ധ്യമാകും.

ii) കേപ്പിനു കീഴിൽ നിലവിലുള്ള അദ്ധ്യാപകർക്ക് ഉന്നത വിദ്യാഭ്യാസം (M.Tech, Ph.D) നേടുന്നതിലേയ്ക്കായി ശമ്പളത്തോടുകൂടി അനുമതി നൽകി വരുന്നു. ഇതുവഴി ഉന്നത യോഗ്യതയുള്ള അദ്ധ്യാപകർ കോളേജുകളിൽ ലഭ്യമാകും.

iii) പെരുമൺ എഞ്ചിനീയറിംഗ് കോളേജിലെ എം.ടെക് കോഴ്സിന് കേപ്പിന്റെ നിയന്ത്രണത്തിലുള്ള അദ്ധ്യാപകർക്കായി രണ്ട് സീറ്റ് സ്പോൺസേർഡ് കാറ്റഗറിയിൽ സംവരണം ചെയ്തിട്ടുണ്ട്.

ഇതിനുപുറമേ സംസ്ഥാന സഹകരണ യൂണിയന്റെ കീഴിൽ പ്രവർത്തിക്കുന്ന 10 സഹകരണ പരിശീലന കേന്ദ്രങ്ങളിലും, 13 സഹകരണ പരിശീലന കോളേജുകളിലും ആധുനിക ബാങ്കിംഗ് രീതികളും, സാങ്കേതിക പരിജ്ഞാനത്തിനായി കമ്പ്യൂട്ടർ വിഷയവും ഉൾപ്പെടുത്തി 2007 മുതൽ പരിഷ്കരിച്ച സിലബസ് പ്രകാരമുള്ള ജൂനിയർ കോ-ഓപ്പറേറ്റീവ് ഡിപ്ലോമ കോഴ്സും, അതുപോലെ പുതിയ മാനേജ്മെന്റ് രീതികൾ വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിന് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് എന്ന വിഷയം കൂടി ഉൾപ്പെടുത്തി ഹയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ & ബിസിനസ്സ് മാനേജ്മെന്റ് കോഴ്സും, പരിഷ്കരിച്ച സിലബസ് പ്രകാരം നടത്തി വരുന്നു. അദ്ധ്യാപകർക്ക് ട്രെയിനേഴ്സ് ട്രെയിനിംഗ് പ്രോഗ്രാമും പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി നൽകി വരുന്നു. കൂടാതെ ഇന്റേണൽ മൂല്യ നിർണയ രീതി കൂടി സിലബസ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കമ്പ്യൂട്ടർ പരിശീലനത്തിനായി കമ്പ്യൂട്ടർ ലാബുകളും നല്ല ലൈബ്രറി സംവിധാനവും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിന് യോഗ്യത നേടിയിട്ടുള്ള അദ്ധ്യാപകരെ നിയോഗിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) പ്രസ്തുത മേഖലയിലെ ജീവനക്കാരുടെ നിയമനം പി.എസ്.സി. വഴി നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ